ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21.01.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരു ദിവസത്തെ സന്ദർശനത്തിനായി വെള്ളിയാഴ്ച കേരളത്തിലെത്തും. സംസ്ഥാനത്തിന് അനുവദിച്ച നാല് പുതിയ ട്രെയിനുകൾ പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും. വികസിത തിരുവനന്തപുരം ബ്ലൂപ്രിൻ്റ് അവതരിപ്പിക്കും.

   **Prime Minister Narendra Modi will arrive in Kerala on Friday for a day-long visit. The Prime Minister will flag off four new trains allocated to the state. He will present the blueprint for a developed Thiruvananthapuram.**

2. ഇന്ത്യ- യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ യാഥാർത്ഥ്യമാകുന്നു. കരാറിൽ ഉടൻ ഒപ്പുവെച്ചേക്കുമെന്ന് യൂറോപ്യൻ കമ്മീഷൻ പ്രസിഡൻറ് ഉർസുല വോൺ ഡെർ ലെയ്ൻ.

   **European Commission President Ursula Von Der Leyen has said that India and the European Union (EU) are on the cusp of signing a Free Trade Agreement (FTA)**

3. ദേശീയപാതകളിലെ ടോൾ പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളുടെ ഭേദഗതി വിജ്ഞാപനം ചെയ്ത് കേന്ദ്ര സർക്കാർ.

**Centre has notified the Central Motor Vehicles (Second Amendment) Rules, 2026 to strengthen compliance towards user fee payment at the toll plazas on National Highways.**

4. കേന്ദ്ര സഹമന്ത്രി രാംദാസ് അത് വാലെയുടെ രണ്ടുദിവസത്തെ കേരള സന്ദർശനത്തിന് ഇന്ന് തുടക്കും. കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും.
   **Union Minister of State Ramdas Athwale's two-day visit to Kerala will begin today. He will participate in various programs in Kannur and Kozhikode districts.**

5. ജനാധിപത്യത്തെയും തിരഞ്ഞെടുപ്പ് രീതികളെയും കുറിച്ചുള്ള ഇന്ത്യ ഇന്റർനാഷണൽ കോൺഫറൻസിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും.
   **India International Conference on Democracy and Election Management (IICDEM) 2026 will begin in New Delhi today.**

6. 79-ാമത് സന്തോഷ് ട്രോഫി ദേശീയ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ഇന്ന് അസ്സമിൽ ആരംഭിക്കും. കേരളത്തിൻറെ ആദ്യ മത്സരം നാളെ പഞ്ചാബുമായി.
   **The 79th National Football Championship for Santosh Trophy is all set for kick-off in Assam today. Kerala's first match will be against Punjab tomorrow.**

**PM KERALA**

പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരു ദിവസത്തെ സന്ദർശനത്തിനായി വെള്ളിയാഴ്ച തിരുവനന്തപുരത്ത് എത്തും. രാവിലെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ

എത്തുന്ന അദ്ദേഹത്തിന് റോഡ് ഷോ അടക്കം വൻ സ്വീകരണമാണ് ഒരുക്കുന്നതെന്ന് ബി ജെ പി സംസ്ഥാന നേതൃത്വം അറിയിച്ചു. പുത്തരിക്കണ്ടം മൈതാനത്ത് വിവിധ സർക്കാർ പദ്ധതികളുടെ

ഉദ്ഘാടനം നിർവ്വഹിക്കുന്ന പ്രധാനമന്ത്രി കേരളത്തിനനുവദിച്ച പുതിയ 4 ട്രെയിനുകളുടെ ഉദ്ഘാടനവും നിർവഹിക്കും. വികസിത തിരുവനന്തപുരത്തിന്റെ ബ്ലൂപ്രിന്റ് മേയർ വി.വി.രാജേഷിന് പ്രധാനമന്ത്രി നരേന്ദ്രമോദി കൈമാറും. 2030 വരെയുള്ള തിരുവനന്തപുരത്തിന്റെ വികസനത്തിന്റെ ബ്ലൂപ്രിന്റാണ് അവതരിപ്പിക്കുന്നത്.

## **VP-KARNATAKA**

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഇന്ന് കർണാടക സന്ദർശിക്കും. തുംകൂറിലെ ശ്രീ സിദ്ധഗംഗ മഠത്തിൽ ശ്രീ ശിവകുമാര മഹാസ്വാമിജിയുടെ ഏഴാമത് അനുസ്മരണ ദിനത്തിൽ ഉപരാഷ്ട്രപതി മുഖ്യാതിഥിയാകും. ബെംഗളൂരുവിലെ CMR ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ രജതജൂബിലി ആഘോഷങ്ങളിലും അദ്ദേഹം പങ്കെടുക്കും.

## **INDIA-EU**

ഇന്ത്യയും യൂറോപ്യൻ യൂണിയനും സ്വതന്ത്ര വ്യാപാര കരാറിൽ ഒപ്പുവെച്ചേക്കുമെന്ന് യൂറോപ്യൻ കമ്മീഷൻ പ്രസിഡൻറ് ഉർസുല വോൺ ഡെർ ലെയ്ൻ. ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു ഉർസുല. യൂറോപ്യൻ കൗൺസിൽ പ്രസിഡൻറ് അൻറോണിയോ കോസ്റ്റയും ഉർസുല വോൺ ഡെർ ലെയ്നും ഈ മാസം 25 മുതൽ 27 വരെ ഇന്ത്യ സന്ദർശിക്കും.

## CENTRE - MOTOR VEHICLES

ദേശീയപാതകളിലെ ടോൾ പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളുടെ ഭേദഗതി വിജ്ഞാപനം ചെയ്ത് കേന്ദ്ര സർക്കാർ. ഇലക്ട്രോണിക് ടോൾ പിരിവ് സംവിധാനം ശക്തിപ്പെടുത്തുക, ദേശീയപാതകളിലെ ടോൾ വെട്ടിപ്പ് തടയുക തുടങ്ങിയവ ലക്ഷ്യമിട്ടാണ് നടപടി. ദേശീയപാത ശൃംഖലയുടെ വികസനത്തിനും പരിപാലനത്തിനുമായി കൂടുതൽ സുതാര്യവും സാങ്കേതികവിദ്യയിൽ അധിഷ്ഠിതവുമായ ടോൾ സംവിധാനം നടപ്പിലാക്കാൻ ഈ ഭേദഗതികൾ സഹായകമാകുമെന്ന് ഉപരിതല ഗതാഗത മന്ത്രാലയം അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## ASSEMBLY (INTRO)

കേരള നിയമസഭയുടെ ബജറ്റ് സമ്മേളനത്തിന്റെ രണ്ടാം ദിവസമായ ഇന്ന് കാനത്തിൽ ജമീലയ്ക്ക് അനുശോചനം രേഖപ്പെടുത്തി സഭ പിരിയും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...**

(വോയിസ്)

☸☸☸☸☸☸☸☸☸☸☸☸☸

## ECI-THREE DAY CONFERENCE

ജനാധിപത്യത്തെയും തിരഞ്ഞെടുപ്പ് രീതികളെയും കുറിച്ചുള്ള ഇന്ത്യ ഇന്റർനാഷണൽ കോൺഫറൻസ് 2026-ന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ആതിഥേയത്വം വഹിക്കുന്ന മൂന്ന് ദിവസത്തെ ഉച്ചകോടി, ഇത്തരത്തിൽ രാജ്യത്ത് നടക്കുന്ന ഏറ്റവും വലിയ ആഗോള

സമ്മേളനമാണ്. എഴുപതിലധികം രാജ്യങ്ങളിൽ നിന്നായി നൂറോളം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## REPUBLIC DAY (INTRO)

77-ാമത് റിപ്പബ്ലിക് ദിന ആഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം. ഈ മാസം 26 ന് ന്യൂഡൽഹിയിലെ കർത്തവ്യപഥിൽ വിവിധ സേനാവിഭാഗങ്ങൾ അണിനിരക്കുന്ന പരേഡിൽ രാഷ്ട്രപതി ദ്രൗപദി മുർമു അഭിവാദ്യം സ്വീകരിക്കും. പരേഡിന് സാക്ഷ്യം വഹിക്കാൻ പതിനായിരത്തോളം പ്രത്യേക അതിഥികളെ ക്ഷണിച്ചതായി പ്രതിരോധ മന്ത്രാലയം അറിയിച്ചു. സ്റ്റാർട്ടപ്പുകൾ, സ്വാശ്രയ ഗ്രൂപ്പുകൾ, വിവിധ സർക്കാർ സംരംഭങ്ങൾക്ക് കീഴിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർ തുടങ്ങിയവർ അതിഥികളായി പങ്കെടുക്കും.
**വിശദാംശങ്ങളിലേക്ക്.....**
(വോയിസ്)

## REPUBLIC DAY (VOICE)

ലോക പാരാ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിലെ വിജയികൾ, അടൽ ഇന്നൊവേഷൻ മിഷൻറെ കീഴിൽ പരിശീലനം നേടിയ വിദ്യാർത്ഥികൾ, പ്രകൃതികൃഷി നടപ്പാക്കുന്ന കർഷകർ, പിഎം സ്മൈൽ സ്കീമിന് കീഴിലുള്ള ഗുണഭോക്താക്കൾ തുടങ്ങിയവർ പ്രത്യേക അതിഥികളാകും. വരുമാനത്തിലും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിലും മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നവരെയും ഇത്തവണ റിപ്പബ്ലിക് ദിന ആഘോഷ ചടങ്ങിലേക്ക് ക്ഷണിച്ചിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള നിശ്ചലദൃശ്യങ്ങളും പരേഡിന് മാറ്റേകും. ദേശീയഗീതമായ "വന്ദേമാതര" ത്തിൻറെ 150-ാം വാർഷികമാണ് ഈ വർഷത്തെ റിപ്പബ്ലിക് ദിനാഘോഷത്തിന്റെ പ്രമേയം. രാഷ്ട്രപതി ഭവനിൽ നടക്കുന്ന റിപ്പബ്ലിക് ഡേ അറ്റ് ഹോം പരിപാടിയിൽ പങ്കെടുക്കുന്നതിന് കേരളത്തിൽ നിന്ന് കണ്ണൂർ സ്വദേശിയും കളരി ഗുരുക്കളുമായ

പത്മശ്രീ എസ് ആർ ഡി പ്രസാദിനും എറണാകുളം മഞ്ഞുമ്മൽ സ്വദേശി യുവ സംരംഭകനും വിദ്യാർത്ഥിയുമായ മാധവ് എ. നായർക്കും ക്ഷണം ലഭിച്ചിട്ടുണ്ട്. ആഘോഷത്തിൻറെ പശ്ചാത്തലത്തിൽ രാജ്യ തലസ്ഥാനം കനത്ത സുരക്ഷയിലാണ്. പാർലമെന്റ് ഉൾപ്പെടെ ഡൽഹിയിലെ തന്ത്രപ്രധാന മേഖലകളിലെല്ലാം കനത്ത സുരക്ഷയാണ് ഒരുക്കിയിരിക്കുന്നത്. ജമ്മു കശ്മീരിലും സുരക്ഷ വർധിപ്പിച്ചു.
ന്യൂസ് ഡെസ്ക് ആകാശവാണി.......

## REPUBLIC DAY- KERALA

കേരളത്തിൽ റിപ്പബ്ലിക് ദിനാഘോഷം വിപുലമായ രീതിയിൽ സംഘടിപ്പിക്കുന്ന തിന് സർക്കാർ മാർഗനിർദേശം പുറപ്പെടുവിച്ചു. തിരുവനന്തപുരത്ത് രാവിലെ 9ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ദേശീയ പതാക ഉയർത്തും. ജില്ലാ ആസ്ഥാനങ്ങളിൽ മന്ത്രിമാർ പതാക ഉയർത്തും.

## RAMDAS ATHAWALE

കേന്ദ്ര സാമൂഹ്യ നീതി ശാക്തീകരണ സഹമന്ത്രി രാംദാസ് അത് വാലെ രണ്ടുദിവസത്തെ സന്ദർശനത്തിന് ഇന്ന് കേരളത്തിൽ എത്തും. ഇന്ന് രാവിലെ കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ എത്തുന്ന അദ്ദേഹം കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും.

## FISHERIES- CONFERENCE

കേന്ദ്ര ഫിഷറീസ് വകുപ്പിൻറെ നേതൃത്വത്തിൽ 83 പങ്കാളി രാജ്യങ്ങളിൽ നിന്നുള്ള അംബാസഡർമാരെയും

ഹൈക്കമ്മീഷണർമാരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള വട്ടമേശ സമ്മേളനം ഇന്ന് ന്യൂഡൽഹിയിൽ സംഘടിപ്പിക്കും. കേന്ദ്ര ഫിഷറീസ്-ക്ഷീരവികസന മന്ത്രി രാജീവ് രഞ്ജൻ സിംഗ് സമ്മേളനത്തിന് നേതൃത്വം നൽകും. ഉഭയകക്ഷി വ്യാപാരം, സമുദ്രോത്പന്ന കയറ്റുമതി പ്രോത്സാഹനം, അന്താരാഷ്ട്ര വിപണി ബന്ധങ്ങൾ ശക്തിപ്പെടുത്തുക എന്നിവ ലക്ഷ്യമിട്ടാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.

## VAISHNAW-DAVOS

സമ്പദ്‌വ്യവസ്ഥയുടെ എല്ലാ മേഖലകളിലും നിർമ്മിതബുദ്ധിയുടെ പ്രചാരം വ്യാപിപ്പിക്കുന്നതിൽ ഇന്ത്യ ശ്രദ്ധ കേന്ദ്രീകരിക്കുകയാണെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിൽ AI പവർ പ്ലേ, നോ റഫറീസ് വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗ്രാഫിക്സ് പ്രോസസ്സിംഗ് യൂണിറ്റുകളുടെ അപര്യാപ്തതയാണ് നിർമിതബുദ്ധിയുടെ പിന്തുണ വർദ്ധിപ്പിക്കുന്നതിലെ ഏറ്റവും വലിയ തടസ്സമെന്നും ഈ വെല്ലുവിളി നേരിടുന്നതിന്, ഇന്ത്യ സ്വകാര്യ-പൊതുമേഖല പങ്കാളിത്തോടെ ശ്രമം തുടരുകയാണെന്നും അദ്ദേഹം പറഞ്ഞു.

## PM-PRAGATI SPECIAL STORY (INTRO)

രാജ്യത്ത് സമയബന്ധിതമായ പദ്ധതിനിർവഹണം ഉറപ്പാക്കുന്നതിനായി 2015-ൽ പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കംകുറിച്ച പ്രഗതി സംരംഭം 50-ാമത് അവലോകന യോഗമെന്ന സുപ്രധാന നാഴികക്കല്ല് പിന്നിട്ടുകഴിഞ്ഞു. കൽക്കരി മന്ത്രാലയവുമായി ബന്ധപ്പെട്ട പദ്ധതികൾ ഈ സംരംഭത്തിന്റെ ഫലപ്രാപ്തി വ്യക്തമാക്കുന്നു.

**വിശദാംശങ്ങളിലേക്ക്......**

**(വോയിസ്)**

## PM-PRAGATI SPECIAL STORY (VOICE))

ഊർജ ഉൽപ്പാദനം, റെയിൽവേ തുടങ്ങിയ പ്രധാന മേഖലകളിലേക്ക് ആവശ്യമായ കൽക്കരി ലഭ്യത ഉറപ്പാക്കുന്ന വിവിധ പദ്ധതികൾ കൽക്കരി മന്ത്രാലയം നടപ്പിലാക്കുന്നുണ്ട്. നിലവിൽ പ്രഗതി സംരംഭത്തിന് കീഴിൽ മൂന്ന് ലക്ഷം കോടിയിലധികം രൂപയുടെ 134 പദ്ധതികൾ അവലോകനം ചെയ്തിട്ടുണ്ട്. ഇതിൽ 122 എണ്ണം കൽക്കരി മേഖലയിലെ പദ്ധതികളാണ്. ഇവയിൽ ഒരു ലക്ഷത്തി പത്തൊൻപതിനായിരം കോടിയിലധികം രൂപയുടെ 16 പ്രധാന പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി നേരിട്ട് അവലോകനം ചെയ്തു. അഞ്ച് പദ്ധതികൾ ഇതിനോടകം കമ്മീഷൻ ചെയ്തു കഴിഞ്ഞു, 11 പദ്ധതികൾ പുരോഗമിക്കുന്നു. പ്രഗതി അവലോകന യോഗങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ മന്ത്രാലയങ്ങളും സംസ്ഥാനങ്ങളും തമ്മിലുള്ള ഏകോപനം മെച്ചപ്പെടുത്തുന്നതിനും പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനും വലിയ പങ്കുവഹിക്കുന്നുണ്ട്.

ന്യൂസ് ഡെസ്ക് ആകാശവാണി...............

## FOOTBALL - SANTOSH TROPHY

79-ാമത് സന്തോഷ് ട്രോഫി ദേശീയ ഫുട്ബോൾ ചാമ്പ്യൻഷിപ്പിന് ഇന്ന് അസ്സമിൽ തുടക്കമാകും. ടൂർണമെന്റിൽ പങ്കെടുക്കുന്ന 12 ടീമുകളെ ആറ് ടീമുകൾ വീതമുള്ള രണ്ട് ഗ്രൂപ്പുകളായാണ് തിരിച്ചിരിക്കുന്നത്., ടൂർണ്ണമെൻറിൽ പങ്കെടുക്കുന്നതിനായി കേരള ഫുട്ബോൾ ടീം അസമിലെത്തി. നാളെ പഞ്ചാബിനെതിരായാണ് കേരളത്തിന്റെ ആദ്യ മത്സരം. ഫെബ്രുവരി 8-നാണ് ഫൈനൽ മത്സരം.

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25 ന്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 23 വരെ അറിയിക്കാം.

☸☸☸☸☸☸☸☸☸☸☸☸☸

## ANNOUNCEMENT

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.newson air.gov.in, prasarbharati.gov.in/pbvacancies എന്നിവ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31.

☸☸☸☸☸☸☸☸☸☸☸☸☸

## VANDE BHARAT SLEEPER - TICKETS

രാജ്യത്തെ ആദ്യ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ നാളെ യാത്ര ആരംഭിക്കാനിരിക്കെ യാത്രക്കാരിൽ നിന്ന് മികച്ച പ്രതികരണം. കാമാഖ്യ - ഹൗറ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിനിന്റെ ടിക്കറ്റ് റിസർവേഷൻ ആരംഭിച്ച് ഏതാനും മണിക്കൂറുകൾക്കുള്ളിൽ തന്നെ എല്ലാ സീറ്റുകളും ബുക്ക് ചെയ്യപ്പെട്ടതായി റെയിൽവേ മന്ത്രാലയം അറിയിച്ചു. കാമാഖ്യയിൽ നിന്നും നാളെ മുതലാണ് വന്ദേ ഭാരത് സ്ലീപ്പർ ട്രെയിനിന്റെ ആദ്യ യാത്ര ആരംഭിക്കുന്നത്.

आकाशवाणी